"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - കൊല്ലം നിലമേൽ എം.എം. ഹയർ സെക്കൻഡറി സ്കൂളിലെ ഫുൾ ടൈം മീനിയൽ ശ്രീമതി ബുഷറ ബി. യുടെ നിയമനാംഗീകാരം - റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.5348/2026/GEDN തീയതി,തിരുവനന്തപുരം, 10-08-2026

പരാമർശം:-

1. എം.എം.എച്ച്.എസ്.എസ്. മാനേജരുടെ 26.05.2025 തീയതിയിലെ റിവിഷൻ ഹർജി.
2. പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 14.07.2025 തീയതിയിലെ DEOPLR/964/2025-B4 നമ്പർ റിപ്പോർട്ട്.
3. കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 15.07.2025 തീയതിയിലെ DDEKLM/2263/2025-B6 നമ്പർ റിപ്പോർട്ട്.
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 14.07.2025 തീയതിയിലെ DGE/12581/2025-ET5 നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

കൊല്ലം നിലമേൽ എം.എം. ഹയർ സെക്കൻഡറി സ്കൂളിലെ ഫുൾ ടൈം മീനിയൽ ശ്രീമതി ബുഷറ ബി.യുടെ നിയമനം അംഗീകരിച്ച് നൽകണമെന്നാവശ്യപ്പെട്ട് മാനേജർ പരാമർശം (1) പ്രകാരം റിവിഷൻ ഹർജി സമർപ്പിച്ചു.

2. സർക്കാർ ഈ വിഷയം 15.07.2025 ൽ നേരിൽ കേട്ടു.

3. മാനേജരുടെ വാദഗതികൾ ചുവടെ ചേർക്കുന്നു. നിലമേൽ എം.എം. ഹയർ സെക്കൻഡറി സ്കൂളിലെ ശ്രീമതി ബുഷറ ബി യെ എഫ്.റ്റി.എം ആയി 01-04-2019 മുതൽ തുടർച്ചയായി അംഗീകരിച്ച് റഗുലർ ഒഴിവിൽ തുടർന്നു വന്നു. 2023-24 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവിൽ എഫ്.റ്റി.സി.എം -ന്റെ ഒരു തസ്തിക നഷ്ടപ്പെട്ടതിനാൽ 15-07-2023 മുതൽ ശ്രീമതി ബുഷറ ബി. യെ റിട്രഞ്ചഡ് ആയി പ്രഖ്യാപിച്ചു. എങ്കിലും റഗുലറായി സ്കൂളിൽ ഹാജരായി ഡ്യൂട്ടി നിർവ്വഹിച്ച് തുടർന്നുവന്നു. ഇപ്രകാരം തുടരവെ ശ്രീമതി ബുഷറ ബി. യെ 04-07-2024 മുതൽ തുടർച്ചയായി ശ്രീമതി നജ്മ എം. -ന്റെ വേലവിലക്ക് വേക്കൻസിയിൽ എഫ്.ടി.എം. ആയി പുനർനിയമനം നടത്തി. നിയമനാംഗീകാരത്തിന് സമർപ്പിച്ച പ്രപ്പോസൽ പുനലൂർ ജില്ല വിദ്യാഭ്യാസ ആഫീസർ പരിശോധിച്ച് വേലവിലക്ക് ഒഴിവിൽ റഗുലർ നിയമനം നടത്തുവാൻ നിലവിൽ ഉത്തരവുകൾ ഇല്ലാ എന്ന കാരണത്താൽ നിയമനാംഗീകാരം നിരസിച്ചു. ജില്ല വിദ്യാഭ്യാസ ആഫീസറുടെ ഉത്തരവിനെതിരെ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമർപ്പിച്ച

അപ്പീലും പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ച റിവിഷൻ അപ്പീലും ജില്ല വിദ്യാഭ്യാസ ആഫീസർ നിരസിച്ച അതേ കാരണത്താൽ നിരസിച്ചു.

നിലമേൽ എം.എം. ഹയർ സെക്കണ്ടറി സ്കൂളിൽ ക്ലാർക്കിന്റെ ഒരു തസ്തികയും, ഒ.എ. യുടെ 2 തസ്തികയും 2 എഫ്.റ്റി.എം. തസ്തികയുമാണ് നിലനിന്നുവന്നിരുന്നത്. 2023-24 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവിൽ മുൻ വർഷം വരെ നിലനിന്നിരുന്ന 2 എഫ്.റ്റി.എം. തസ്തികയിൽ 1 കുറഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ ജൂനിയർ മോസ്റ്റ് എഫ്.ടി.എം. ആയിരുന്ന ശ്രീമതി ബുഷറ ബി. യെ 15-07-2023 മുതൽ തസ്തിക നിർണ്ണയ ഉത്തരവിൽ റിട്രഞ്ച്ടായി പ്രഖ്യാപിച്ചു. എന്നാൽ എഫ്.റ്റി.എം. ന്റെ ഒരു തസ്തിക കുറഞ്ഞതിന്റെ അടിസ്ഥാനത്തിൽ നിലവിലുണ്ടായിരുന്ന എഫ്.റ്റി.എം. ശ്രീമതി ബുഷറ ബി. യെ പുറത്താക്കേണ്ടതുണ്ടായിരുന്നില്ല, പകരം റഗുലർ എഫ്.റ്റി.എം ആയ ശ്രീമതി ബുഷറ ബി.യെ എസ്. സുൽഫിയുടെ ഒഴിഞ്ഞു കിടക്കുന്ന ഒ.എ തസ്തികയിൽ സ്ഥാനകയറ്റം നല്കി നിലനിർത്തേണ്ടതായിരുന്നു.

സീനിയർ ആയിരുന്ന ശ്രീ എസ്. സുൽഫിയെ സ്ഥാനകയറ്റം നടത്തി 01-06-2020 മുതൽ ക്ലാർക്കായി നിയമിച്ചു. ശ്രീമതി സുൽഫിയെ ക്ലാർക്കായി 01-06-2020 മുതൽ അംഗീകരിച്ചു. രണ്ടാമത്തെ ഒ.എ. ആയിരുന്ന ശ്രീ എ.ജെ. മുഹമ്മദ് ഷെഫീക്ക് അനധികൃത ഹാജരില്ലായ്മയിൽ സർവീസിൽ നിന്നും പുറത്താണ്. അതിനാൽ ശ്രീമതി ബുഷറ ബി.യെ സ്ഥാനകയറ്റം നല്കി ഒ.എ ആയി നിലനിർത്താതെ 15-07-2023-ൽ പുറത്താക്കിയ നടപടി ചട്ടവിരുദ്ധവും ശ്രീമതി ബുഷറയുടെ അവകാശം നിഷേധിക്കലുമായിരുന്നു. നിലവിൽ നിലമേൽ എം.എം. എച്ച്.എസ്.എസിന്റെ റോളിൽ ഒ.എ.മാർ ആരും ഇല്ല. നിലവിലെ എഫ്.റ്റി.എം. 2019 മുതൽ വേലവിലക്കിലുമാണ്. നിലവിൽ അനദ്ധ്യാപക ജീവനക്കാരിൽ ക്ലാർക്ക് ശ്രീ സുൽഫി എസ്. മാത്രമേ സർവ്വീസിൽ നിലവിൽ ശമ്പളം വാങ്ങുന്ന ജീവനക്കാരിയായിട്ടുള്ളു. എഫ്.ടി.എം. ഉം, ഒ.എ മാരും ആരും ഇല്ലാതെ സ്കൂളിന്റെ സാധാരണ പ്രവർത്തനത്തിന് തടസമായിരുന്നപ്പോഴാണ് ശ്രീമതി ബുഷറ ബി.യെ 04-07-2024 മുതൽ എഫ്.ടി.എം. ആയി ശ്രീമതി നജ്ജുമ എം. ന്റെ വേലവിലക്ക് ഒഴിവിൽ നിയമിച്ചത്. ശ്രീമതി നജ്ജുമ 08-04-2019 മുതൽ വേലവിലക്കിൽ തുടരുകയാണ്. പുനലൂർ ജില്ല വിദ്യാഭ്യാസ ആഫീസർ വേലവിലക്ക് 15 ദിവസത്തിൽ കൂടുതൽ, ശ്രീ സുൽഫിയുടെ സ്ഥാനകയറ്റ ഒഴിവിൽ, കാലഘട്ടത്തേക്ക് നീട്ടുവാൻ അനുവാദം നല്കിയിരുന്നു. നിലവിൽ കേസ് ബഹു. കേരള ഹൈക്കോടതിയുടെ പരിഗണനയിലാണ്. ശ്രീമതി നജ്ജുമ തിരികെ സർവ്വീസിൽ പുനഃപ്രവേശിപ്പിച്ചാലും, ശ്രീമതി നജ്ജുമയെ ഒ.എ. ആയി സ്ഥാനകയറ്റം നല്കി നിലനിർത്തുവാൻ ഒ.എ. യുടെ തസ്തികയിൽ ഒഴിവ് നിലനില്ക്കുന്നു. അച്ചടക്ക നടപടി പൂർത്തിയാകാതെ ശ്രീമതി നജ്ജുമക്ക് സ്ഥാനകയറ്റം നല്കാനുമാവില്ല. നിലവിൽ രണ്ടു ഒ.എ. തസ്തികയും ഒരു എഫ്.ടി.എം തസ്തികയും 2023-24 വർഷത്തെയും 2024-25 വർഷത്തെയും തസ്തിക നിർണ്ണയ ഉത്തരവുകളിൽ അനുവദിച്ച് നിലനിൽക്കുന്നുണ്ട്. 2 ഒ.എ തസ്തികയിലും അനുവദിച്ചിട്ടുള്ള 1 എഫ്.റ്റി.എം. തസ്തികയിലും നിയമനാംഗീകാരത്തോടെ ശമ്പളം വാങ്ങുന്നവർ ആരും ഇല്ല. ഹൈസ്കൂളുകളിൽ എത്ര ഡിവിഷൻ കുറഞ്ഞാലും 2 ഒ.എ. തസ്തികയും 1 എഫ്.ടി.എം. തസ്തികയും നിലനിൽക്കും. ഇപ്രകാരം 3 തസ്തികകൾ ഉള്ളതിൽ അനധികൃത ഹാജരില്ലയ്മയിൽ ഉള്ള ഒ.എ ശ്രീ മുഹമ്മദ് ഷെഫീക്കിനെയും എഫ്.ടി.എം. ആയ ശ്രീമതി നജ്ജുമയേയും സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചാലും ശ്രീമതി ബുഷറ ബി. യെ നിയമിച്ച് നിലനിർത്താൻ ഒഴിവ് നിലനിൽക്കുന്നു. ശ്രീമതി ബുഷറ ബി. 01-04-2019 മുതൽ റഗുലർ തസ്തികയിൽ നിന്നും തസ്തിക നഷ്ടപ്പെട്ടു 15-07-2023 ൽ പുറത്തായ ജീവനക്കാരിയാണ്. ആയതിനാൽ ശ്രീമതി ബുഷറയുടെ നിയമനം

അംഗീകരിക്കുന്നത് അനധികൃത ഹാജരില്ലായ്മയിൽ വിദേശത്തു തുടരുന്ന ശ്രീ മുഹമ്മദ് ഷെഫീക്ക് തിരികെ സർവ്വീസിൽ പ്രവേശിപ്പിച്ചാലും അതുപോലെ വേലവിലക്കിൽ തുടരുന്ന ശ്രീമതി നജ്മമയേയും തിരികെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിനോ തടസമാകുന്നില്ല. കാരണം നിലവിൽ ഒ.എ. യുടെ രണ്ടു തസ്തികയും എഫ്.റ്റി.എം ന്റെ ഒരു തസ്തികയിലും അംഗീകൃത ജിവനക്കാരില്ല. ആയതിനാൽ ശ്രീമതി ബുഷറ ബി യുടെ സർവ്വീസ് ബ്രേക്ക് ഒഴിവാക്കി ശ്രീമതി സുൾഫി എസ് നെ ക്ലാർക്കായി സ്ഥാനകയറ്റം നല്കി നിയമിച്ച് 01-06-2020 മുതൽ ഒ.എ. ആയി സ്ഥാനകയറ്റം നല്കി റഗുലറായി അംഗീകരിക്കുവാനോ അല്ലെങ്കിൽ എഫ്.ടി.എം.ആയി പുനർ നിയമനം നടത്തിയ 04-07-2024 മുതൽ അംഗീകരിക്കുവാനോ പുനലൂർ ജില്ല വിദ്യാഭ്യാസ ആഫീസർക്ക് നിർദ്ദേശം നൽകണമെന്നാവശ്യപ്പെട്ടാണ് മാനേജർ റിവിഷൻ ഹർജി സമർപ്പിച്ചിട്ടുള്ളത്.

4. പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. നിലമേൽ എംഎം എച്ച്എസ് സ്കൂളിലെ 2019-20 തസ്തിക നിർണ്ണയ പ്രകാരം രണ്ടു എഫ്.റ്റി.എം തസ്തികകൾ ലഭിച്ചിരുന്നു. എഫ്.റ്റി.എം ആയിരുന്ന ശ്രീ സുൽഫി ഓഫീസ് അറ്റൻഡന്റ് ആയി സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ മാനേജർ 01.04.2019-നു ശ്രീ ബുഷറ ബി. യെ എഫ്.റ്റി.എം ആയി നിയമിക്കുകയും നിയമനാംഗീകാരം ലഭ്യമായി ജോലിയിൽ തുടർന്നുവരവേ 2023-24 അദ്ധ്യയന വർഷത്തെ തസ്തിക നിർണ്ണയത്തിൽ സംരക്ഷണാനുകൂല്യം ഇല്ലാതെ തസ്തിക നഷ്ടം സംഭവിച്ച് 15.07.2023 നു പുറത്തുപോകുകയും ചെയ്ത എഫ്.റ്റി.എം ആയ ശ്രീമതി ബുഷറ ബി -യെ 04.07.2024 തീയതി പ്രാബല്യത്തിൽ എഫ്.റ്റി.എം ആയി നിയമിച്ച് ഉത്തരവും അനുബന്ധ രേഖകളും മാനേജർ പുനലൂർ ജില്ല വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിച്ചു. ശ്രീമതി നജ്മ എം. (എഫ്.റ്റി.എം) -ന്റെ വേലവിലക്ക് ഒഴിവിലാണ് പ്രസ്തുത നിയമനം നടത്തിയിരുന്നത്. ശ്രീമതി ബുഷ്റ ബി. ചട്ടം 51എ അവകാശിയാണ് എങ്കിലും വേലവിലക്കിനെ തുടർന്നുണ്ടാകുന്ന ഒഴിവുകളിൽ റഗുലർ നിയമനം നടത്തുന്നതിന് നിലവിൽ ഉത്തരവുകൾ ഒന്നും തന്നെയില്ല ആയതിനാലാണ് കേരള വിദ്യാഭ്യാസ നിയമം അദ്ധ്യായം 14 എ ചട്ടം 8(3) പ്രകാരം ടി നിയമനം പുനലൂർ ജില്ല വിദ്യാഭ്യാസ ഓഫീസർ നിരസിച്ച് നൽകിയത്.

ആയതിനെതിരെ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അപ്പീൽ സമർപ്പിക്കുകയും 10/02/2025 ലെ B6/7979812024 നമ്പർ ഉത്തരവ് പ്രകാരം ശ്രീമതി ബുഷ്റ ബി. ചട്ടം 51A അവകാശിയാണ് എങ്കിലും വേലവിലക്കിനെ തുടർന്നുണ്ടാകുന്ന ഒഴിവുകളിൽ റെഗുലർ നിയമനം നടത്തുന്നതിന് നിലവിൽ ഉത്തരവുകൾ ഒന്നും തന്നെയില്ലയെന്നും ആയതിനാൽ നിലവിലെ എഫ്.ടി.എം ശ്രീമതി നജ്മ -യുടെ വേലവിലക്ക് ഒഴിവിൽ ശ്രീമതി ബുഷ്റ ബി -യുടെ നിയമനം നിരസിച്ചതിനെതിരെ മാനേജർ സമർപ്പിച്ച അപ്പീൽ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ നിരസിച്ചു ഉത്തരവായിരുന്നു.

മേൽ ഉത്തരവുകൾക്കെതിരെ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് മാനേജർ അപ്പീൽ സമർപ്പിക്കുകയും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 21/04/2025 തീയതിയിലെ ET5/810912/2025 നമ്പർ ഉത്തരവ് പ്രകാരം ചട്ടം 51 A അവകാശിയാണ് എങ്കിലും വേലവിലക്കിനെ തുടർന്നുണ്ടാകുന്ന ഒഴിവിൽ റെഗുലർ നിയമനം നടത്തുന്നതിന് നിലവിൽ ഉത്തരവുകൾ ഒന്നും തന്നെയില്ല. ടി സാഹചര്യത്തിൽ നിലവിലെ എഫ്.ടി.എം ശ്രീമതി നജ്മ എം. -ന്റെ വേലവിലക്ക് ഒഴിവിൽ ശ്രീമതി ബുഷറ ബി. -യുടെ എഫ്.ടി.എം തസ്തികയിലെ 04.07.2024 മുതലുള്ള നിയമനം നിരസിച്ചു കൊണ്ട് മാനേജർ സമർപ്പിച്ച റിവിഷൻ അപ്പീൽ നിരസിച്ച് ഉത്തരവായിരുന്നു. ശ്രീമതി

ബുഷറ ബി.യെ യോഗ്യമായ തസ്തികയിലേക്ക് നിയമിക്കേണ്ടത് മാനേജർ ആണ്. ശ്രീമതി ബുഷ്റ ബി. ചട്ടം 51എ അവകാശിയാണ് എങ്കിലും വേലവിലക്കിനെ തുടർന്നുണ്ടാകുന്ന ഒഴിവുകളിൽ റഗുലർ നിയമനം നടത്തുന്നതിന് നിലവിൽ ഉത്തരവുകൾ ഒന്നും തന്നെയില്ലാത്ത സാഹചര്യത്തിലാണ് ശ്രീമതി ബുഷറ ബി. യെ 04.07.2024 തീയതി പ്രാബല്യത്തിൽ എഫ്.റ്റി.എം ആയി മാനേജർ നടത്തിയ നിയമനം നിരസിച്ചത് എന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. സർക്കാർ ഈ വിഷയം ഹിയറിങ് വേളയിലെ വാദഗതികളുടെയും സമർപ്പിക്കപ്പെട്ട രേഖകളുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകളുടെയും നിലവിലുള്ള നിയമങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. വേലവിലക്കിനെ തുടർന്നുണ്ടാകുന്ന ഒഴിവ് ആണെങ്കിലും ഒരു അധ്യയന വർഷത്തിൽ കൂടുതൽ ഉള്ള ഒഴിവ് ആയതിനാൽ ചട്ടം 43, 51 A, 51 B പ്രകാരമുള്ള അവകാശികൾക്ക് വിധേയമായി മാത്രം സംരക്ഷിതാധ്യാപകരെ നിയമിച്ചാൽ മതിയാകുമെന്ന ചട്ടഭേദഗതിയുടെ അടിസ്ഥാനത്തിൽ, ശ്രീമതി ബുഷ്റ ബി. -യുടെ 51 എ അവകാശം കണക്കിലെടുത്ത്, ടിയാളുടെ എഫ്.ടി.എം. തസ്തികയിലെ 04-07-2024 മുതലുള്ള പുനർനിയമനത്തിന് അംഗീകാരം നല്കാവുന്നതാണ്. 51A അവകാശികളെ താൽക്കാലിക ഒഴിവുകളിലും നിയമിക്കാമെന്നതിനാൽ സസ്പെൻഷൻ ഒഴിവിനെ റഗുലർ ഒഴിവായി കണക്കാക്കേണ്ടതില്ല.

5. മേൽ സാഹചര്യത്തിൽ, കൊല്ലം ജില്ലയിലെ നിലമേൽ എം.എം.എച്ച്.എസ്. സ്കൂളിലെ ശ്രീമതി ബുഷറ ബി. യുടെ എഫ്.ടി.എം തസ്തികയിലെ 04-07-2024 മുതലുള്ള പുനർനിയമനം അംഗീകരിച്ച നൽകുന്നതിന് പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി അപ്രകാരം മാനേജർ സമർപ്പിച്ചിരിക്കുന്ന റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അപ്സര ടി ടി
അണ്ടർ സെക്രട്ടറി

ശ്രീമതി ബുഷറ ബി., എഫ്.റ്റി.എം., എം.എം.എച്ച്.എസ്.എസ്., നിലമേൽ, കൊല്ലം.
മാനേജർ, എം.എം.എച്ച്.എസ്.എസ്., നിലമേൽ, കൊല്ലം.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പുനലൂർ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (S2/99/2025-G.EDN).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: പൊതുവിദ്യാഭ്യാസ സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്.

Digitally signed by
Resmi Babu
Date: 10-08-2026
12:34:56